**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2285 — 05.12.2018- ൽ മറുപടിയ്ക്ക്

**പ്രളയ ബാധിത മേഖലകളിൽ സാമൂഹ്യനീതി വകുപ്പ് നടത്തി വരുന്ന പ്രവർത്തനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി വീണാ ജോർജ്ജ് | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പ മന്ത്രി.) |

| | | | |
|---|---|---|---|
| (എ) | പ്രളയ ബാധിത മേഖലകളിൽ സാമൂഹ്യനീതി വകുപ്പ് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്; | (എ) | അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | പത്തനംതിട്ട ജില്ലയിലെ ആറൻമുള മണ്ഡലത്തിലെ പ്രളയ ബാധിത മേഖലകളിൽ സാമൂഹ്യനീതി വകുപ്പ് നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (ബി) | പ്രളയബാധിത മേഖലയിൽ ഉൾപ്പെട്ട സ്ത്രീകൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, മുതിർന്ന പൗരന്മാർ എന്നിവർക്ക് ആവശ്യമായ തുടർ കൗൺസിലിംഗ് സേവനങ്ങൾ സ്കൂൾ കൗൺസിലർമാർ, ഓർഫനേജ് കൗൺസിലേഴ്സ് എന്നിവർ മുഖേന നടത്തിവരുന്നുണ്ട്. പ്രളയത്തിൽ തൊഴിൽ നഷ്ടമായ ഭിന്നശേഷിക്കാരിൽ പത്തനംതിട്ട ജില്ലയിൽ നിന്നും അർഹരായ 5 പേരെ തെരഞ്ഞെടുത്തതിൽ 2 പേർ ആറന്മുള മണ്ഡലത്തിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെട്ടവരാണ്. ടിയാളുകൾക്ക് ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നുണ്ട്. പ്രളയബാധിത പ്രദേശങ്ങളിൽ ഉപജീവന കിറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട് തഹസീൽദാർമാരിൽ നിന്നും കൈമാറി കിട്ടിയ ലിസ്റ്റിൽ നിന്നും BPL, വിധവകൾ, തൊഴിൽ ഉറപ്പ് പദ്ധതിയിൽ ഉൾപ്പെട്ടവർ, കിടപ്പ് രോഗികൾ, ഭിന്നശേഷിക്കാർ, SC/ST വിഭാഗത്തിൽ ഉൾപ്പെട്ടവർ, അഗതികൾ , സ്ത്രീ കേന്ദ്രീകൃത കുടുംബങ്ങൾ എന്നിവരെ കണ്ടെത്തുന്നതിന് അംഗൻവാടി ജീവനക്കാർ മുഖേന വിവരശേഖരണം നടത്തുകയും ആയത് റവന്യൂ വകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്. ടി വിഭാഗത്തിൽ ഉൾപ്പെട്ട അർഹരായ മുഴുവൻ ആളുകളേയും ഉൾപ്പെടുത്തി കിറ്റ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.<br>പത്തനംതിട്ട ജില്ലയിലെ ആറന്മുള പഞ്ചായത്തിൽ 26 സ്ത്രീ തയ്യൽ തൊഴിലാളികൾക്ക് തയ്യൽ മെഷീൻ വായ്പാ ഇനത്തിൽ നൽകാൻ വനിതാ വികസന കോർപ്പറേഷൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

അതിരൂക്ഷമായി പ്രളയദുരന്തം നേരിടുന്ന 10 ജില്ലകൾക്കായി (തിരുവനന്തപുരം. കൊല്ലം, കോട്ടയം, കാസർഗോഡ്, ജില്ലകൾ ഒഴികെ) 2,00,000/- (രണ്ട് ലക്ഷം രൂപ വീതം) ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് അടിയന്തിര ചെലവിനായി അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രളയക്കെടുതിയിൽ എല്ലാം നഷ്ടപ്പെട്ട് ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവർക്ക് ട്രോമ കൗൺസിലിംഗ് നൽകുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രളയത്താൽ അഭയസ്ഥാനം ആവശ്യമായിട്ടുള്ളവരെ സർക്കാർ/ NGO ക്ഷേമ സ്ഥാപനങ്ങളിൽ അഭയം നൽകിയിട്ടുണ്ട്. പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രളയബാധിത പ്രദേശങ്ങളിലെ ഭിന്നശേഷിക്കാർ. കിടപ്പിലായവർ എന്നിവർക്ക് സഹായ ഉപകരണങ്ങൾ വിതരണം ചെയ്തിരുന്നു. പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി Kerala Flood 2018-ൽ പ്രളയം അതിരൂക്ഷമായി ബാധിച്ച 10 ജില്ലകളിൽ നിന്നുമായി (തിരുവനന്തപുരം, കൊല്ലം. കോട്ടയം, കാസർഗോഡ് ഒഴികെ) ജീവനോപാധി നഷ്ടപ്പെട്ട ഭിന്നശേഷിക്കാർക്ക് അവരുടെ തൊഴിൽ പുന:സ്ഥാപിച്ച് നൽകുന്നതിനായി തൊഴിലിനനുസരിച്ച് സാമ്പത്തിക സഹായം നൽകുന്നതിന്, ഈ വർഷത്തെ ലോക വികലാംഗദിനത്തോടനുബന്ധിച്ച് സാമൂഹ്യ നീതി വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്.

വനിതാ ശിശുക്ഷേമ വകുപ്പും പ്ലാനിംഗ് ബോർഡും സംയുക്തമായി നടത്തിയ പഠനത്തിന്റെയും ശുപാർശയുടെയും അടിസ്ഥാനത്തിൽ പ്രളയ ബാധിതമായ ആറ് ജില്ലകളിലെ വനിതകൾക്ക് തൊഴിൽ പരിശീലനവും, സ്വയം തൊഴിൽ വായ്പയും നൽകുന്നതിനും പായ നിർമ്മാണത്തിൽ പരിശീലനം, കെട്ടിട നിർമ്മാണത്തിൽ പരിശീലനം എന്നിവ നൽകുന്നതിനും വനിതാ വികസന കോർപ്പറേഷൻ ഉദ്ദേശിക്കുന്നു.

കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ 89 വയോമിത്രം യൂണിറ്റുകളുടെ സേവനം പൂർണ്ണമായും പ്രളയ ബാധിത മേഖലകളിൽ രണ്ടാഴ്ചകാലം നൽകുകയുണ്ടായി. വയോമിത്രം യൂണിറ്റുകളിലെ ഡോക്ടർമാർ, നേഴ്സ്മാർ, ജെ.പി.എച്ച്.എൻ. വയോമിത്രം കോ-ഓർഡിനേറ്റർമാർ ഉൾപ്പെടെ 220 പേർ പൂർണ്ണമായും രണ്ടാഴ്ച സേവനം നൽകുകയും ക്യാമ്പുകളിലും വീടുകളിലും പോയി ആവശ്യമായ പരിശോധന നടത്തുകയും സൗജന്യ ചികിത്സ നൽകുകയും ചെയ്തിട്ടുണ്ട്.

പ്രളയത്തെ തുടർന്ന് ഉപകരണങ്ങൾ നഷ്ടപ്പെട്ട ഭിന്നശേഷിക്കാരുടെ പ്രാഥമിക വിവരശേഖരണം നടത്തുകയും തുടർന്ന് ഇവർക്കാവശ്യമായ സഹായ ഉപകരണങ്ങൾ സ്പോൺസർഷിപ്പ് വഴി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. പ്രളയബാധിതമായ എല്ലാ ജില്ലകളിൽ നിന്നും ജില്ലാ സാമൂഹ്യനീതി ഓഫീസർ മുഖേന സഹായ ഉപകരണങ്ങൾ നഷ്ടപ്പെട്ടവരുടെ കണക്കുകൾ ശേഖരിക്കുകയും നിലവിൽ സ്പോൺസർഷിപ്പ് മുഖാന്തിരം 600- ഓളം പേർക്കുള്ള വീൽചെയർ, വാട്ടർ ബെഡ്. ക്രച്ചസ് എന്നിങ്ങനെയുള്ള സഹായ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുമുണ്ട്. ഇതിൽ

281 എണ്ണം വിതരണം നടത്തിയിട്ടുണ്ട്. ബാക്കിയുള്ള ഉപകരണങ്ങൾ ജില്ലകളിലേക്ക് വിതരണം നടത്തുന്നതനുള്ള തയ്യാറെടുപ്പ് നടത്തി വരുന്നു. കൂടാതെ NHFDC വായ്പയെടുത്ത് പ്രളയത്തിൽ സംരംഭങ്ങൾക്ക് നഷ്ടം സംഭവിച്ച ഉണഭോക്താക്കളുടെ വിശദാംശം ശേഖരിച്ച് വായ്പയിന്മേൽ മോറട്ടോറിയം പ്രഖ്യാപിക്കുന്നതിനായി NHFDC യിലേക്ക് പ്രപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ ദുരിതബാധിതമായ ജില്ലകളിലെ ജനങ്ങൾക്ക് സാമൂഹിക മനഃശാസ്ത്ര പരിരക്ഷ നൽകുന്നതിന് എല്ലാ ജില്ലകളിലും ഐ.സി.ഡി.എസ്., ഐ.സി.പി.എസ്. ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ച് ആഹാര സാധനങ്ങൾ, കുട്ടികൾക്കുള്ള ന്യൂട്രിമിക്സ്, ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമുള്ള ഭക്ഷണ സാധനങ്ങൾ എന്നിവ ലഭ്യമാക്കുകയും സൈക്കോ സോഷ്യൽ രംഗത്ത് പ്രവൃത്തി പരിചയമുള്ള നിംഹാൻസിലെ സൈക്യാട്രിക്ക് സോഷ്യൽവർക്ക് വിഭാഗത്തിന്റെ സഹായത്തോടെ ദുരിത ബാധിതർക്ക് കൗൺസിലിംഗ് നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

സ്ത്രീകൾക്കും കുട്ടികൾക്കും മാനസികമായ ധൈര്യവും പിന്തുണയും നൽകുന്നതോടൊപ്പം അവർക്കാവശ്യമായ വസ്ത്രങ്ങൾ, സാനിറ്ററി നാപ്കിനുകൾ, ഭക്ഷ്യസാധനങ്ങൾ, പുതപ്പുകൾ എന്നിവയും അതാത് പ്രദേശത്തെ സാമൂഹ്യ പ്രവർത്തകരുമായി ചേർന്ന് ക്യാമ്പുകളിൽ വിതരണം ചെയ്തു.

സെക്ഷൻ ഓഫീസർ